**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3905** **09-10-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 781 ഓളം പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം 180മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡ് കളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ |

മൊബൈൽ ഫോണിൽ INCOIS വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം GPS – 1110 എണ്ണം, DAT (ഡിസ്ട്രെസ് അലേർട്ട് ട്രാൻസ്മിറ്റർ) – 64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 Mounting type GPS കളും 417 Hand held type GPS കളും വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 548 ഉം 2023-24 സാമ്പത്തിക വർഷം modernisation പദ്ധതിയിൽ ഉൾപ്പെടുത്തി 565 മൗണ്ടിംഗ് ടൈപ്പ് GPS കൾ വിതരണംചെയ്തിട്ടുണ്ട്. കൂടാതെ 2023-24 സാമ്പത്തിക വർഷം modernisation പദ്ധതിയിൽ ഉൾപ്പെടുത്തി 836 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് VHF മറൈൻ റേഡിയോ വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 520 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു, മത്സ്യബന്ധനം നടത്തി വരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും, ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ടു യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 781 ഓളം പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം 180മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡ് കളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.<br><br>അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ INCOIS വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ |

കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം GPS – 1110 എണ്ണം, DAT (ഡിസ്ട്രസ് അലേർട്ട് ട്രാൻസ്മിറ്റർ) – 64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 Mounting type GPS കളും 417 Hand held type GPS കളും വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 548 ഉം 2023-24 സാമ്പത്തിക വർഷം modernisation പദ്ധതിയിൽ ഉൾപ്പെടുത്തി 565 മൗണ്ടിംഗ് ടൈപ്പ് GPS കൾ വിതരണംചെയ്തിട്ടുണ്ട്. കൂടാതെ 2023-24 സാമ്പത്തിക വർഷം modernisation പദ്ധതിയിൽ ഉൾപ്പെടുത്തി 836 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് VHF മറൈൻ റേഡിയോ വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 520 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ

| | | | |
|---|---|---|---|
| | | | 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു, മത്സ്യബന്ധനം നടത്തി വരുന്നു.<br><br>കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും, ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ടു യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാൻ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയുള്ള ത്രിതല ഫിഷറീസ് മാനേജ്മെന്റ് സോസൈറ്റികൾ മുഖേന വിവിധ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>ആവാസ വ്യവസ്ഥയുടെയും മത്സ്യ സമ്പത്തിന്റെയും സംരക്ഷണം നിയമപരമായ മത്സ്യ ബന്ധന രീതികൾ, മത്സ്യബന്ധന സമയത്ത് ഉപയോഗിക്കേണ്ട സുരക്ഷാ ഉപകരണങ്ങൾ എന്നിവയെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനായി 2021-22 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിൽ 18 ബാച്ചുകളിലായി 540 മത്സ്യത്തൊഴിലാളികൾക്ക് 6.89 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 60 ബാച്ചുകളിലായി 2519 മത്സ്യത്തൊഴിലാളികൾക്ക് 12 ലക്ഷം രൂപയും ചെലവഴിച്ച് പരിശീലനം നൽകി. 2023-24 വർഷത്തിൽ 100 ബാച്ചുകളിലായി 5900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി. ഇതിനായി 20 ലക്ഷം രൂപ ചെലവഴിച്ചു.<br><br>2024-25 വർഷം, "Conservation and Management of Marine Fisheries" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് "Awareness and Training Programme to Fishermen" എന്ന ഘടകത്തിന് ഭരണാനുമതി നൽകി. ഒൻപത് മറൈൻ ജില്ലകളിലുമായി മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ, മത്സ്യബന്ധന നിയമങ്ങൾ, കടൽ സുരക്ഷാ മാർഗങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി 87 ബോധവൽക്കരണ പരിപാടികളും ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന മാനേജ്മെന്റ് കൗൺസിൽ മുഖേനെ 36 ബോധവൽക്കരണ പരിപാടികളും ഉൾപ്പടെ ആകെ 123 ബോധവൽക്കരണ പരിപാടികൾ 2024-25 വർഷം നടത്തുകയുണ്ടായി. പദ്ധതികൾക്കായി ടി വർഷം ആകെ 9,54,240/- രൂപ ചെലവഴിച്ചു.<br><br>ഈ സാമ്പത്തിക വർഷം (2025 - 26) "Conservation and Management of Marine Fisheries" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി Activities of State, District & Village level Fisheries Management Councils 2025-26 ന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവാദിത്വ മത്സ്യ ബന്ധനം, വിഭവ പരിപാലനം, സുസ്ഥിര മത്സ്യ സമ്പത്ത് സംരക്ഷണം, ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, പരിസ്ഥിതി സൗഹാർദ്ദ മത്സ്യബന്ധനം, തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ